# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4548      04.02.2014 ൽ - മറുപടിക്ക്

## <u>ഭക്ഷ്യസുരക്ഷാനിയമവും തുടർനടപടികളും</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ചുള്ള ഭക്ഷ്യ ധാന്യ വിതരണം നടപ്പാക്കിത്തുടങ്ങിയോ; | (എ) നടപ്പാക്കി തുടങ്ങിയിട്ടില്ല. |
| (ബി) പ്രസ്തുത നിയമം അനുസരിച്ച് എത്ര കിലോഗ്രാം ഭക്ഷ്യധാന്യങ്ങളാണ് ഓരോ കാർഡ് ഉടമയ്ക്കും ഉറപ്പാക്കുന്നത്; | (ബി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിൽപെടുന്ന ഒരു വ്യക്തിക്ക് പ്രതിമാസം 5 കിലോഗ്രാം ഭക്ഷ്യധാന്യം ലഭിക്കാൻ അർഹത ഉണ്ട്. റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ എണ്ണം അനുസരിച്ച് ഓരോ കാർഡുടമ-യ്ക്കും ഭക്ഷ്യധാന്യം ലഭിയ്ക്കുന്നതാണ്. |
| (സി) എത്ര കാർഡ് ഉടമകൾക്കും എത്ര വ്യക്തികൾക്കും ഏതെല്ലാം നിലയിലാണ് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നത്; | (സി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം കേരള സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ പെടുന്ന 154.8 ലക്ഷം പേർക്കാണ് ഭക്ഷ്യധാന്യം ലഭിക്കുക. ഒരു വ്യക്തിക്ക് പ്രതിമാസം 5 കിലോഗ്രാം ഭക്ഷ്യധാന്യം 3 രൂപ നിരക്കിൽ അരിയും 2 രൂപ നിരക്കിൽ ഗോതമ്പും 1 രൂപ നിരക്കിൽ മറ്റ് ഭക്ഷ്യധാന്യവും (കോഴ്സ് ഗ്രെയ്ൻസ്) ലഭിക്കും. |
| (ഡി) കാർഡ് ഉടമകൾക്ക് പ്രതിമാസം 5 കിലോഗ്രാം എന്ന വ്യവസ്ഥ ഭക്ഷ്യ സുരക്ഷനിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് നടപ്പാക്കുമ്പോൾ, കാർഡ് ഒന്നിന് ഇപ്പോൾ 25 കി.ഗ്രാം ഭക്ഷ്യധാന്യം കിട്ടിക്കൊണ്ടിരിക്കുന്നവർക്ക് കുറവ് വരുമോ; | (ഡി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം കാർഡ് അടിസ്ഥാനത്തിലല്ല മറിച്ച് മുൻഗണനാ വിഭാഗത്തിൽപെടുന്ന ഒരു വ്യക്തിക്ക് പ്രതിമാസം 5 കിലോഗ്രാം ഭക്ഷ്യധാന്യം എന്ന രീതിയിലാണ് അനുവദിക്കുന്നത്. കാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ വ്യത്യാസം വരുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഭക്ഷ്യ സുരക്ഷാനിയമം ഉറപ്പ് തരുന്ന 35 കിലോഗ്രാം ഭക്ഷ്യധാന്യം ബി.പി. എൽ ലിസ്റ്റിലുളള എല്ലാവർക്കും ലഭിക്കുമോ; ഇല്ലെങ്കിൽ കാരണം എന്ത്; | (ഇ) | ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം ബി.പി.എൽ/ എ.പി.എൽ വിഭാഗം എന്നൊരു വേർതിരിവ് ഇല്ല. മറിച്ച് മുൻഗണനാവിഭാഗം, പൊതു വിഭാഗം എന്നിങ്ങനെ 2 വിഭാഗമാണ് ഉളളത്. മുൻഗണനാവിഭാഗത്തിൽ എ.എ.വൈ കാർഡുടമകളും ഉൾപ്പെടുന്നതാണ്. എ.എ. വൈ വിഭാഗത്തിന് നിലവിലത്തേതു പോലെ തന്നെ പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യ ധാന്യം ലഭിക്കുന്നതാണ്. എ.എ.വൈ. ഒഴിച്ചുളള മുൻഗണനാ വിഭാഗത്തിലെ ഒരു വ്യക്തിക്ക് പ്രതിമാസം അഞ്ച് കിലോഗ്രാം ഭക്ഷ്യധാന്യം ലഭിയ്ക്കു ന്നതാണ്. |
| (എഫ്) | എ.പി.എൽ. വിഭാഗത്തിന് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾ നിയമം നടപ്പിലാക്കിയതിനു ശേഷവും ലഭിക്കുമോ? | (എഫ്) | ഭക്ഷ്യസുരക്ഷാ നിയമപ്രകാരം സംസ്ഥാന ത്തെ 154.8 ലക്ഷം പേർ വരുന്ന മുൻഗണനാ വിഭാഗത്തിന് പ്രതിവർഷം 10.13 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ആവശ്യമാണ്. ഭക്ഷ്യസുരക്ഷാ നിയമത്തിൽ കേരള സംസ്ഥാനത്തിനുളള പ്രതിവർഷ ഭക്ഷ്യധാന്യ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം അധികം ലഭിക്കുന്ന ഭക്ഷ്യധാന്യം ഉപയോഗിച്ചുകൊണ്ട് മുൻഗണനാ വിഭാഗ ത്തിൽപെടാത്ത ജനവിഭാഗങ്ങൾക്ക് ഭക്ഷ്യ-ധാന്യം വിതരണം ചെയ്യാമെങ്കിലും നിലവിലുളള തോതിൽ നൽകാൻ കഴിയുകയില്ല. കേന്ദ്രഗവൺമെന്റുമായി ഈ വിഷയം വീണ്ടും ചർച്ച ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ